# ബ്രിക്സ് എൻ.എസ്.എ സമ്മേളനിത്തിനിടെ ഭാരതത്തിൻറെയും ചൈനയുടെയും ദേശീയ സുരക്ഷാ ഉപദേഷ്ടാക്കൾ തമ്മിലുള്ള കൂടിക്കാഴ്ച

2024 സെപ്തംബർ 12

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ശ്രീ. അജിത് ഡോവൽ കെ.സി, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ചൈനയുടെ (സി.പി.സി) പൊളിറ്റിക്കൽ ബ്യൂറോ അംഗവും ബഹുമാന്യനായ കേന്ദ്ര വിദേശകാര്യ കമ്മീഷൻ ഓഫീസ് ഡയറക്ടറുമായ ശ്രീ. വാങ് യ-യുമായി 2024 സെപ്തംബർ 12-ന് റഷ്യയിലെ സെൻറ് പീറ്റേഴ്സ്ബർഗിൽ നടന്ന ബ്രിക്സ് സുരക്ഷാ കാര്യങ്ങളുടെ/ദേശീയ സുരക്ഷാ ഉപദേഷ്ടാക്കളുടെ ഉത്തരവാദിത്തമുള്ള ഉന്നതോദ്യോഗസ്ഥരുടെ സമ്മേളനത്തിനിടെ കൂടിക്കാഴ്ച നടത്തി.

2. യഥാർത്ഥ നിയന്ത്രണ രേഖയിൽ (എൽഎസി) അവശേഷിക്കുന്ന പ്രശ്നങ്ങൾക്ക് സത്വര പരിഹാരം കണ്ടെത്തുന്നതുവഴി ഉഭയകക്ഷി ബന്ധം സുസ്ഥിരമാക്കുന്നതിനും പുനർനിർമ്മിക്കുന്നതിനുമുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാനുള്ള സമീപകാല ശ്രമങ്ങൾ അവലോകനം ചെയ്യാൻ ഈ കൂടിക്കാഴ്ച ഇരുപക്ഷത്തിനും അവസരം നൽകി.

3. ശേഷിക്കുന്ന മേഖലകളിൽ പൂർണ്ണമായ സൈനികവിന്യാസം പിൻവലിക്കുന്നത് യാഥാർത്ഥ്യമാക്കാനുള്ള തങ്ങളുടെ ശ്രമങ്ങൾ ഇരട്ടിപ്പിക്കാമെന്നും അതിനുവേണ്ടി അടിയന്തിരമായി പ്രവർത്തിക്കാമെന്നും ഇരുപക്ഷവും സമ്മതിച്ചു. ഉഭയകക്ഷി ബന്ധങ്ങൾ സാധാരണ നിലയിലാക്കുന്നതിന് അതിർത്തി പ്രദേശങ്ങളിൽ ശാന്തിയും സമാധാനവും നിലനിർത്തുകയും യഥാർത്ഥ നിയന്ത്രണ രേഖയെ ബഹുമാനിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണെന്ന് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് പ്രസ്താവിച്ചു. ഇരു സർക്കാരുകളും മുൻകാലങ്ങളിൽ ഉണ്ടാക്കിയ പ്രസക്തമായ ഉഭയകക്ഷി കരാറുകൾ, പ്രോട്ടോക്കോളുകൾ, ധാരണകൾ എന്നിവ ഇരുപക്ഷവും പൂർണ്ണമായും പാലിക്കണം. ഭാരത-ചൈന ഉഭയകക്ഷി ബന്ധം ഇരു രാജ്യങ്ങൾക്കും മാത്രമല്ല, മേഖലയ്ക്കും ലോകത്തിനും പ്രാധാന്യമുള്ളതാണെന്ന് ഇരുപക്ഷവും സമ്മതിച്ചു.

4. ആഗോള, മേഖലാ സാഹചര്യങ്ങളെപ്പറ്റിയും ഇരുപക്ഷവും തങ്ങളുടെ കാഴ്ചപ്പാടുകൾ കൈമാറി.

**സെൻറ് പീറ്റേഴ്സ്ബർഗ്**
**2024 സെപ്തംബർ 12**